DESPATCHED
On.15/12/21..

22/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.251 (5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 412/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. സോമശേഖരൻ നായർ,**
**പരമേശ്വരവിലാസം, കൊപ്പം,**
**വിതുര പി.ഒ.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, താലൂക്ക് ഓഫീസ്, നെടുമങ്ങാട്.**
2. **അപ്പീൽ അധികാരി, താലൂക്ക് ഓഫീസ്, നെടുമങ്ങാട്.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 06.11.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 28.11.2017 |
| ഒന്നാം അപ്പീൽ | 06.12.2017 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 21.12.2017 |
| രണ്ടാം അപ്പീൽ | 10.01.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 06.09.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.സോമശേഖരൻ നായർ 06.11.2017 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട് വില്ലേജിൽ (പഴയ ഉഴമലയ്ക്കൽ വില്ലേജ്) വിതുര പഞ്ചായത്തിൽ കൊപ്പം എന്ന സ്ഥലത്ത് 63-ാം നമ്പർ തണ്ടപ്പേരിൽ ഉഴമലയ്ക്കൽ പകുതിയിൽ ചാരുപാറയിൽ ശങ്കരപിള്ള മകൻ വേലായുധൻപിള്ളയുടെ പേരിൽ 65-ാം നമ്പർ സർവ്വെയിൽപ്പെട്ട

8 1/2 സെന്റ് പുരയിടത്തിന്റെ (നടവഴി) സ്കെച്ചും 65-ാം സർവ്വേ വസ്തുവിന്റെ സബ് ഡിവിഷൻ സ്കെച്ചും ലഭ്യമാക്കണമെന്നുമാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 28.11.2017 ൽ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 06.12.2017 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 21.12.2017 ൽ അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 06.09.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷി ഹാജരാകുകയും അപ്പീൽ ഹർജിക്കാരന് അസുഖംമൂലം ഹാജരാകുവാൻ കഴിയില്ലെന്ന് രേഖാമൂലം അറിയിക്കുകയും ചെയ്തു.

4. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ പരിശോധിച്ച് തൊളിക്കോട് വില്ലേജിൽ സർവ്വെ നമ്പർ 65-ൽ വരുന്ന മുഴുവൻ സബ് ഡിവിഷൻ ഉൾപ്പെട്ട സ്കെച്ചും അനുവദിച്ച് നൽകിയെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീലിന്മേൽ 8 1/2 സെന്റ് വസ്തുവിന്റെ മാത്രം വിവരങ്ങൾ അടങ്ങുന്ന സബ് ഡിവിഷൻ സ്കെച്ച് സൗജന്യമായി ലഭ്യമാക്കാൻ 21.12.2017 ൽ ഉത്തരവാകുകയും റിക്കോർഡുകൾ വിശദമായി പരിശോധിച്ചതിൽ തൊളിക്കോട് വില്ലേജിൽ സർവ്വെ നമ്പർ 65 ന്റെ മുഴുവൻ ഭാഗവും ഉൾപ്പെട്ടുവരുന്ന സ്കെച്ച് മാത്രമാണ് ലഭ്യമായതെന്നും 8 1/2 സെന്റ് ഉൾപ്പെട്ടുവരുന്ന സബ് ഡിവിഷൻ സ്കെച്ച് ലഭ്യമല്ലെന്നും ടി വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ടെന്നും റീസർവ്വെ കഴിഞ്ഞാൽ മാത്രമേ ടിയാന്റേത് മാത്രമായി നൽകാൻ കഴിയുയെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

5. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരു കക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതിൽ ലഭ്യമായ വിവരങ്ങൾ എതിർകക്ഷികൾ നൽകിയതായി കമ്മീഷൻ കാണുന്നു. റീസർവ്വെ കഴിയുന്ന മുറയ്ക്ക് ടിയാൻ ആവശ്യപ്പെട്ട റീസർവ്വെയുമായി ബന്ധപ്പെട്ട വിവരം ലഭ്യമാക്കേണ്ടതാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn